**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1515** **08-12-2022 - ൽ മറുപടിയ്ക്ക്**

**2022-23 വർഷത്തെ സ്റ്റാഫ് ഫിക്സേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് 2022-23 വർഷത്തെ സ്റ്റാഫ് ഫിക്സേഷൻ ഉത്തരവ് ഇറങ്ങാത്തതിനാൽ സർക്കാർ സ്കൂളുകളിലെ ഒഴിവുകളിൽ പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും അദ്ധ്യാപകരെ നിയമിക്കാൻ സാധിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും അധിക തസ്തിക ഒഴികെയുള്ള തസ്തികകളുടെ തസ്തികനിർണ്ണയം 20.08.2022- നകം പൂർത്തിയാക്കാൻ നിർദ്ദേശം നൽകിയിരുന്നു. നിലവിലെ ചട്ടപ്രകാരം അധിക തസ്തിക അനുവദിക്കുന്നത് സർക്കാർ തലത്തിലാണ്. അധിക തസ്തിക അനുവദിക്കുന്നത് സംബന്ധിച്ച നടപടി പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ പ്രസ്തുത ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യാൻ സാധിക്കുകയുള്ളൂ. അധിക തസ്തിക സംബന്ധിച്ച ശിപാർശ അടിയന്തരമായി സർക്കാരിൽ സമർപ്പിക്കുന്നതിന് ആവശ്യമായ നിർദേശങ്ങൾ നൽകിയിട്ടുണ്ട് . |
| (ബി) | പൂർണ്ണമായും സംവരണക്രമം പാലിച്ചുകൊണ്ട് നിയമനം നടത്തുന്ന സർക്കാർ സ്കൂളുകളിലെ അധിക തസ്തികകളിലേക്കുള്ള ഒഴിവുകളിൽ നിയമനം നടത്തുന്നതിന് തടസ്സങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ; | (ബി) | നിലവിലുള്ള ഒഴിവുകൾ പി.എസ്.സി- ക്ക് റിപ്പോർട്ട് ചെയ്യാൻ തടസ്സം ഇല്ല. 2022-2023 ലെ തസ്തിക നിർണ്ണയത്തിൽ അധിക തസ്തികകൾ അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്കേ ഈ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാൻ സാധിക്കുകയുള്ളൂ. |
| (സി) | സ്റ്റാഫ് ഫിക്സേഷൻ നടപടികൾ പൂർത്തിയാക്കി സർക്കാർ സ്കൂളുകളിലെ അധിക തസ്തികകളിലേക്കുള്ള ഒഴിവുകളിൽ നിയമനം നടത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ? | (സി) | 2022-2023 തസ്തിക നിർണ്ണയത്തിൽ അനുവദിക്കേണ്ട അധിക തസ്തികകൾ പൊതു വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്ത് സമന്വയ സോഫ്റ്റ്‌വെയർ മുഖേന സർക്കാരിലേക്ക് സമർപ്പിക്കുന്ന പ്രക്രിയ തുടർന്നു വരുന്നു. അധിക തസ്തികകൾ സർക്കാർ അനുവദിക്കുന്ന മുറയ്ക്ക്, സർക്കാർ നിർദ്ദേശിച്ചിട്ടുള്ള അനുപാത പ്രകാരം പി.എസ്.സി- ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതാണ് . |

സെക്ഷൻ ഓഫീസർ